കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – അന്നമനട ഗ്രാമപഞ്ചായത്ത് -2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3(1), 3.3(2) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 783/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 25/02/2016

പരാമർശം:- 1) അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/8/2015-ലെ 01/2015 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29/05/2015-ലെ എൽ.എഫ്. 3601/പി.റ്റി2/2015 നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിൻറെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3(1) പ്രകാരം മരണാനന്തര കർമ്മങ്ങൾ ചെയ്യുന്ന സഹായ സംഘങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകാൻ എന്ന പദ്ധതി പ്രകാരം ചെലവഴിച്ച 1,91,000/-രൂപ, 3.3(2) പ്രകാരം പുകയില്ലാത്ത് അടുപ്പ് നിർമ്മിക്കുന്നതിന് ചിലവഴിച്ച 2,39,190/-രൂപ എന്നിവ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, എന്നിവ സഹിതം പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ മേൽ പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് പദ്ധതികൾ നടപ്പിലാക്കിന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ലാത്തതിനാൽ ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3(1) പ്രകാരം ചെലവഴിച്ച 1,91,000/-രൂപ, (ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരം രൂപ മാത്രം) രൂപ, 3.3(2) പ്രകാരം ചിലവഴിച്ച 2,39,190/-(രണ്ട് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി നൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപ എന്നീ ചെലവുകൾക്ക് സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കിയ

പദ്ധതിയായതിനാൽ ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കരുതെന്ന കർശനമായ താക്കീതോടെ സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ.പഴനിയമ്മ.
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി, അന്നമനട ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

അംഗീകാരത്തോടെ.

സെക്ഷൻ ഓഫീസർ